**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **23-07-2021 - ൽ മറുപടിയ്ക്ക്**

**കൈപ്പാട് കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിക്കായി ഇറിഗേഷൻ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ കൈപ്പാട്കൃഷിയ്ക്ക് വേണ്ടി നിലവിലുള്ള വി.സി.ബി.കളുടെ റിപ്പയർ, പുതിയ വി.സി.ബി.കളുടെ നിർമ്മാണം, തോടുകളുടെ ആഴംകൂട്ടി സംരക്ഷിക്കൽ, കൈപ്പാട് നിലങ്ങളിലെ കാടുകൾ നീക്കം ചെയ്യൽ എന്നിവയാണ് പ്രധാനമായും ജലസേചന വകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | അത്തോളി, ഉള്ളിയേരി, പഞ്ചായത്തുകളിലെ കുന്നത്തറ പാടശേഖരത്തിന്റെ വികസനത്തിനായി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, രണ്ടു വി.സി.ബി.കളുടെ നിർമ്മാണം, തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, കാട് നീക്കം ചെയ്യൽ, ഫാം റോഡിന്റെയും നടപ്പാതയുടേയും നിർമ്മാണം, ഡ്രയർയാർഡ്, സംഭരണത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ്തയ്യാറാക്കി വരുന്നു. ഉള്ളിയേരി പഞ്ചായത്തിലെ ഉള്ളൂർ പാടശേഖരത്തിനോട് ചേർന്ന് കിടക്കുന്ന കോട്ടക്കുന്ന് കൈപ്പാട് നിലത്തിന്റെ വികസനത്തിനുവേണ്ടി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, ഫീൽഡ് ഡ്രെയിനുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ